"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

## സംഗ്രഹം

ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ് - ഇടുക്കി വികസന പാക്കേജ്- 'ഉടുമ്പൻചോല സർക്കാർ ആയുർവേദ മെഡിക്കൽ കോളേജിന്റെ ഒന്നാം ഘട്ട വികസനം' - പുതുക്കിയ ഭരണാനുമതി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ആസൂത്രണ സാമ്പത്തികകാര്യ (എ) വകുപ്പ്

സ.ഉ.(സാധാ) നം.231/2026/P&EA തിരുവനന്തപുരം, 03-06-2026

---

പരാമർശം:- 1. സ.ഉ(സാധാ) നം.377/2023/P&EA തീയതി 24.09.2023.

2. ഇടുക്കി ജില്ലാ കളക്ടറുടെ 18.02.2026 ലെ 2023-24/ADPO/IDK/IDP-01 നമ്പർ കത്ത്.

## ഉത്തരവ്

2023-24 സാമ്പത്തികവർഷം ഇടുക്കി വികസന പാക്കേജിലുൾപ്പെട്ട ഉടുമ്പൻചോല സർക്കാർ ആയുർവേദ മെഡിക്കൽ കോളേജിന്റെ ഒന്നാം ഘട്ട വികസനത്തിനായി 2575-60-800-92 എന്ന ബഡ്ജറ്റ് ശീർഷകത്തിൽ ഉൾപ്പെടുത്തി പരാമർശം (1) പ്രകാരം 10 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. പ്രസ്തുത ഉത്തരവിൽ 12 മാസത്തിനുള്ളിൽ പദ്ധതി പൂർത്തീകരിക്കണമെന്ന് നിർദേശിച്ചിരുന്നു.

2. പ്രസ്തുത പദ്ധതിയുടെ സാങ്കേതിക അനുമതി നൽകുന്നതിനായുള്ള നടപടിക്രമങ്ങൾ പൂർത്തിയാക്കുന്നതിലും, എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിലും കാലതാമസം നേരിട്ടതിനാൽ പദ്ധതിയുടെ നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുവാൻ വൈകിയതായും, അതിനാൽ പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ച് നൽകണമെന്നും പരാമർശം (2) പ്രകാരം ജില്ലാ കളക്ടർ അഭ്യർത്ഥിച്ചിരുന്നു.

3. സർക്കാർ ഇക്കാര്യം പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ഇടുക്കി വികസന പാക്കേജിലുൾപ്പെട്ട ''ഉടുമ്പൻചോല സർക്കാർ ആയുർവേദ മെഡിക്കൽകോളേജിന്റെ ഒന്നാം ഘട്ട വികസനം' പദ്ധതിയുടെ പൂർത്തീകരണ കാലാവധി 31.12.2026 വരെ ദീർഘിപ്പിച്ച് നൽകിക്കൊണ്ടും നടപ്പ് സാമ്പത്തിക വർഷം മുതൽ പ്രവൃത്തിയുടെ ചെലവുകൾ 4575-60-800-96 എന്ന ശീർഷകത്തിൽ നിന്നു വഹിക്കുന്നതിന് അനുമതി നൽകിക്കൊണ്ടും പുതുക്കിയ ഭരണാനുമതി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ലതാകുമാരി.എം.ബി

അഡിഷണൽ സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, ധനകാര്യ വകുപ്പ്

മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം

ജില്ലാ കളക്ടർ, ഇടുക്കി

ജില്ലാ വികസന കമ്മീഷണർ, ഇടുക്കി

ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്, ഇടുക്കി

ചീഫ്, അഗ്രി ഡിവിഷൻ, സംസ്ഥാന ആസൂത്രണ ബോർഡ്, തിരുവനന്തപുരം

വെബ് &ന്യൂ മീഡിയ (ഐ&പിആർഡി)

കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by Alen Alphonse
Date: 03-06-2026 14:19:20
സെക്ഷൻ ഓഫീസർ